**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2241** **03-03-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം കേന്ദ്രങ്ങളിൽ ബിയർ - വൈൻ പാർലറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ്, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ പുതിയ മദ്യനയപ്രകാരം ടൂറിസം കേന്ദ്രങ്ങളിൽ ബിയർ - വൈൻ പാർലറുകൾ ആരംഭിക്കുന്നതിന് എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് വിദേശ വിനോദ സഞ്ചാരികൾ ധാരാളമായി എത്തുന്ന വിനോദസഞ്ചാര മേഖലകളിലെ റസ്റ്റോറന്റുകൾക്ക് ഒരു പ്രത്യേക കാലയളവിൽ ബിയർ, വൈൻ തുടങ്ങിയ മദ്യങ്ങൾ വിൽപ്പന നടത്തുവാൻ പ്രത്യേക ലൈസൻസ് അനുവദിക്കുന്നതിന് 2023-24 വർഷത്തെ മദ്യനയത്തിൽ തീരുമാനിച്ചിട്ടുള്ളതും, ആയത് സംബന്ധിച്ച വ്യവസ്ഥകൾ ബന്ധപ്പെട്ട ചട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ അത്തരം ലൈസൻസുകൾക്കായി അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ബി) | ഇപ്രകാരം അനുമതി നൽകിയതുവഴി പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | ഇത്തരത്തിൽ ലൈസൻസുകൾ അനുവദിക്കുന്നത് വഴി പ്രതീക്ഷിക്കുന്ന വരുമാനം കണക്കാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത നയത്തിന്റെ ഭാഗമായി കെ.റ്റി.ഡി.സി.-യുടെ ബിയർ പാർലറുകൾ ഘട്ടംഘട്ടമായി ബാറുകളായി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര ടൂറിസം മന്ത്രാലയം നൽകുന്ന 3 സ്റ്റാറോ അതിനു മുകളിലോ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്കാണ് ബാർ ലൈസൻസ് (FL.3) അനുവദിക്കുന്നത്. കെ.റ്റി.ഡി.സി-യുടെ ബിയർ പാർലറുകൾ ഘട്ടംഘട്ടമായി ബാറുകളായി മാറ്റാൻ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ